# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം - വസ്തു ബാങ്കുകളിൽ പണയപ്പെടുത്തിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് വീട് അനുവദിക്കുന്നത്- കരാറിലേർപ്പെടുന്നതിനുള്ള അനുവാദം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

## തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

**സ.ഉ(സാധാ)നം.2544/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 01.10.2018**

==========================================================

**പരാമർശം:** ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.09.2018 തീയതിയിലെ ലൈഫ്/എൽ.എഫ്.2/511/2018 നമ്പർ കുറിപ്പ്.

## ഉത്തരവ്

ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലുള്ളവരുടെ പരിശോധന നടത്തി അർഹരായവർക്ക് ആദ്യ ഗഡു തുക നൽകി വരുന്നുണ്ട്. എന്നാൽ ചില ഗുണഭോക്താക്കൾ വസ്തു ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സാഹചര്യമുണ്ടെന്നും മറ്റ് തരത്തിൽ അർഹരാണെങ്കിൽ ഇങ്ങനെയുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകണമെന്ന് ആവശ്യം ഉയർന്ന് വന്നിട്ടുണ്ടെന്നും ലൈഫ് പദ്ധതിയിൽ നിർമ്മിക്കുന്ന വീടും അതിനാവശ്യമായ ഭൂമിയും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യാതിരിക്കുന്നതിന്, കരാർ വെയ്ക്കുന്നതിന് പകരം ഗുണഭോക്താവിന്റെ സമ്മതപത്രം വാങ്ങിക്കൊണ്ട്, ഭൂമി രജിസ്ട്രേഷനുള്ള സോഫ്റ്റ് വെയറിൽ പ്രസ്തുത ഭൂമിയുടെ കൈമാറ്റം ഇലക്ട്രോണിക് ആയി തടയുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും എന്നാൽ വസ്തു പണയത്തിലുള്ള കേസുകളിൽ, ഭൂമി കൈമാറ്റം ചെയ്യുന്നത് ഇലക്ട്രോണിക് ആയി തടയാൻ സാധിക്കാത്തതിനാൽ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലെ അർഹരായവരിൽ ആരുടെയെങ്കിലും വസ്തു ബാങ്കിൽ പണയത്തിലാണ് എങ്കിൽ അത്തരം കേസുകൾ പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പരാമർശ കുറിപ്പ് പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലെ അർഹരായവരിൽ ആരുടെയെങ്കിലും വസ്തു ബാങ്കിൽ പണയത്തിലാണ് എങ്കിൽ അത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ചുവടെ പറയും പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. ഇവരുടെ ഭൂമി കൈമാറ്റം ചെയ്യാതിരിക്കുന്നതിന്, കരാർ പത്രം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല/സോഫ്റ്റ് വെയറിൽ ഇലക്ട്രോണിക് ആയി തടയേണ്ടതില്ല.

2. വായ്പ തിരിച്ചടയ്ക്കുന്ന മുറയ്ക്ക് പണയത്തിലുള്ള പ്രമാണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറും എന്ന് വ്യവസ്ഥപ്പെടുത്തി, ഗുണഭോക്താവും ബാങ്കും, തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ (200 രൂപ മുദ്രപത്രത്തിൽ) ഏർപ്പെടേണ്ടതാണ്. ഏതെങ്കിലും ധനകാര്യ സ്ഥാപനം കരാർ ഒപ്പ് വെയ്ക്കാൻ വിസമ്മതിക്കുന്ന പക്ഷം, പ്രമാണം ധനകാര്യ സ്ഥാപനത്തിന്റെ കൈവശം ഉണ്ട് എന്ന സ്ഥാപനത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ, പ്രമാണം ധനകാര്യ സ്ഥാപനത്തിൽ നിന്നും തിരികെ ലഭിക്കുമ്പോൾ, തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന് കൈമാറാമെന്നുള്ള ഗുണഭോക്താവിന്റെ സത്യവാങ്മൂലം മതിയാകുന്നതാണ്. പ്രമാണം 12 വർഷത്തേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ